(സി) പ്രസ്തുത ഭൂമി ഇതുവരെയും അപേക്ഷകന് പതിച്ചു നൽകാത്തതിന്റെ കാരണം വിശദീകരിക്കാമോ;

(ഡി) അടിയന്തിരമായി ഭൂമി അപേക്ഷകന് പതിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി ആന്റ് ഡി) ഈ ഭൂമി ഇടവഴി പുറമ്പോക്കായതിനാൽ നിലവിലുള്ള നിയമം അനുസരിച്ച് പതിച്ചുകൊടുക്കുവാൻ നിർവ്വാഹമില്ല.

പെരിന്തൽമണ്ണ താലൂക്കിൽ അനധികൃത പാടം നികത്തൽ

13 [627] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെരിന്തൽമണ്ണ താലൂക്കിൽ എത്ര ഭൂമിക്ക് പാടം നികത്തുന്നതിനായി അനുമതി നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഈ ഭൂമിയുടെ സർവെ നമ്പരുകളും വിസ്തീർണ്ണവും എത്ര വീതം ഉണ്ടെന്ന് അറിയിക്കാമോ;

(സി) ഈ വസ്തുക്കളുടെ ഉടമസ്ഥരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ഡി) പെരിന്തൽമണ്ണ താലൂക്കിൽ നിലം നികത്തുന്നതിന് അനുമതി വാങ്ങിക്കൊടുക്കുന്ന സംഘങ്ങൾ പ്രവർത്തിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) റിയൽ എസ്റ്റേറ്റ് സംഘങ്ങളും മറ്റുള്ളവരും ഇടപെട്ട് നടത്തിയ വ്യാപകമായ അനധികൃത നിലംനികത്തലുകളെയും അതിനായി പുറപ്പെടുവിച്ച ഉത്തരവുകളെയും കുറിച്ച് അന്വേഷണം നടത്താനും ഈ ഉത്തരവുകൾ റദ്ദാക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ താലൂക്കിൽ 83 ഏക്കർ 33.988 സെന്റ് തരം മാറ്റുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

(ബി ആന്റ് സി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) റിയൽ എസ്റ്റേറ്റ് സംഘങ്ങളും മറ്റുള്ളവരും ഇടപെട്ട് അനധികൃത നിലം നികത്തലുകൾ ഉണ്ടായതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇങ്ങനെ എന്തെങ്കിലും നടന്നതായി പരാതി കിട്ടിയാൽ അന്വേഷിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly